# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 11, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 316)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ആരോഗ്യവും കുടുംബക്ഷേമയും ദേവസ്വവും വകുപ്പുമന്ത്രി | : | 642 മുതൽ 784 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : | 785 മുതൽ 871 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | 872 മുതൽ 903 വരെ |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി | : | 904 മുതൽ 957 വരെ |

### എൻ.ആർ.എച്ച്.എം. പദ്ധതിഫണ്ടിന്റെ ഉപയോഗം

642 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന എൻ.ആർ.എച്ച്.എം. പദ്ധതിഫണ്ടിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ;

(ബി) ഫണ്ട് ഉപയോഗിച്ച് ശമ്പളം നൽകിയിരുന്ന ആയുഷ് പദ്ധതിയിലെ ആയുർവേദ തെറാപ്പിസ്റ്റുകളെ പിരിച്ചുവിട്ടിട്ടുണ്ടോ;

(സി) എത്ര പേരെ പിരിച്ചുവിട്ടു;

(ഡി) ഇതുമൂലം ഗ്രാമീണമേഖലയിലെ ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം നിശ്ചലമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം ജീവനക്കാരെ നിലനിർത്തി ആശുപത്രി പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. പദ്ധതി നിർവ്വഹണത്തിന്റെ ആഡിറ്റിംഗ്

643 ശ്രീ. എൻ.ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് എൻ.ആർ.എച്ച്.എം. മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ ഭാഗത്തുനിന്നും വീഴ്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പദ്ധതികളുടെ വിശദമായ ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളെക്കുറിച്ച് വിശദവിവരം നൽകാമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും ഒബ്ജക്ഷൻ ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യസുരക്ഷക്കായിയുള്ള കർമ്മപദ്ധതികൾ</u>

644 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കേരളത്തിന്റെ ആരോഗ്യ സുരക്ഷക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ;

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും</u>
<u>ഉപകേന്ദ്രങ്ങളുടെയും ശാക്തീകരണം</u>

645 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശാക്തീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മപദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഒരുക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി</u>

646 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ജീവിതശൈലിരോഗ നിർണ്ണയത്തിനും ചികിൽസയ്ക്കുമുള്ള പദ്ധതി</u>

647 ശ്രീ. പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ ജീവിതശൈലിരോഗ നിർണ്ണയത്തിനും സൗജന്യ ചികിൽസയ്ക്കും വിധേയരാകുന്ന ബൃഹത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് ഇതിനായുള്ള അസൂത്രണ നിർവ്വഹണം നടത്തുന്നത്;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും ചെലവഴിച്ച തുക</u>

648 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ നവീകരണത്തിനായി 2013-14 വർഷത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു;

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തി എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യകിരണം പദ്ധതി</u>

649 ശ്രീ. പാലോട് രവി
'' എ. പി. അബ്ദുള്ളക്കുട്ടി
'' തേറമ്പിൽ രാമകൃഷ്ണൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ്;

(സി) പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഫോർപ്ലസ് പദ്ധതി</u>

650 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലേറിയ, ലെപ്റ്റോസ്പൈറോസിസ് തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഫോർ പ്ലസ് പദ്ധതി എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പാക്കിവന്നിരുന്നത്; ഈ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ നിറുത്തിവച്ചതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) തീരപ്രദേശങ്ങൾ, മലയോര മേഖലകൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, ആദിവാസി സെറ്റിൽമെന്റുകൾ തുടങ്ങിയ മേഖലകളിൽ പകർച്ചവ്യാധികൾ കൂടുതലാണെന്ന് ആരോഗ്യവകുപ്പും ലോകാരോഗ്യ സംഘടനയും നടത്തിയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മേഖലകളിൽ പകർച്ചവ്യാധികൾ തടയുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>അമൃതം ആരോഗ്യപദ്ധതി</u>

651 ശ്രീ. വി.എസ്. സുനിൽ കുമാർ
,, കെ. രാജൂ
,, ജി. എസ്.ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾക്കായി സംസ്ഥാനത്ത് അമൃതം ആരോഗ്യ പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്രയിനം മരുന്നുകളാണ് വിതരണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാം;

(സി) ഈ പദ്ധതിപ്രകാരമുള്ള മരുന്നുകളുടെ വിതരണം നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>'അമൃതം ആരോഗ്യ പദ്ധതി'</u>

652 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ ബാധിച്ചവർക്ക് ആരോഗ്യ വകുപ്പിന്റെ 'അമൃതം ആരോഗ്യപദ്ധതി' പ്രകാരമുള്ള സൗജന്യ മരുന്നു വിതരണം നിലച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരു വർഷം എത്ര പേർക്ക് 'അമൃതം ആരോഗ്യ പദ്ധതി' പ്രകാരം പ്രയോജനം ലഭിക്കുന്നു;

(സി) നാളിതുവരെ എത്ര കോടി രൂപയ്ക്കാണ് മരുന്ന് വാങ്ങിയത്; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്ന് വാങ്ങിവരുന്നത്;

(ഡി) പദ്ധതിക്ക് കേന്ദ്ര വിഹിതമായി എത്ര കോടി രൂപ ലഭിക്കുകയുണ്ടായി;

(ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിലെ അപാകത മൂലമാണോ മരുന്നു വിതരണം നിലച്ചത്; ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

'ഗില്ലൻബാരി സിൻഡ്രോം' നിയന്ത്രിക്കുന്നതിന് നടപടി

653 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യന്റെ പേശികളെ ഗുരുതരമായി ബാധിക്കുന്ന 'ഗില്ലൻബാരി സിൻഡ്രോം' എന്ന രോഗം മലബാറിൽ പ്രത്യേകിച്ച് കൊണ്ടോട്ടി മേഖലയിൽ പിടിപെട്ടതായ വാർത്ത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന്റെ ചികിത്സക്കാവശ്യമായ സൗകര്യം മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടോ;

(സി) കുത്തിവെപ്പിനുള്ള വിലയേറിയ മരുന്ന് ആവശ്യത്തിന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ രോഗം കൂടുതൽ റിപ്പോർട്ട് ചെയ്യാനിടയായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ പദ്ധതി</u>

654 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. റ്റി. ബൽറാം
'' സണ്ണി ജോസഫ്
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

ജനറിക് മരുന്ന് വിതരണ പദ്ധതി

655 ഡോ. ടി. എം. തോമസ് ഐസക്
ഡോ. കെ. ടി. ജലീൽ
ശ്രീ എ. പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിയുടെ സ്ഥിതി വിലയിരുത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(ബി) സർക്കാരാശുപത്രികളിൽ ജനറിക് മരുന്നുകൾ ഉൾപ്പെടെ ഒരു മരുന്നും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) മരുന്നുക്ഷാമം പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ആവശ്യമരുന്നുകളുടെ ലഭ്യത</u>

656 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

അവശ്യമരുന്നുകളുടെ ക്ഷാമം

657 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ജി.എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ അവശ്യമരുന്നുകൾക്ക് ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയിനം അവശ്യമരുന്നുകളാണ് വിവിധ ആശുപത്രികളിൽ വിതരണം ചെയ്തുകൊണ്ടിരുന്നത്; ഇപ്പോൾ എത്രയിനം വിതരണം ചെയ്യുന്നുണ്ട്;

(ബി) ആവശ്യമായ മരുന്നുകളുടെ പട്ടിക ആശുപത്രി അധികൃതർ നൽകിയെങ്കിലും 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ ഇതുവരെ നല്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) മരുന്ന് പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തു നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളില്‍ മരുന്ന് ദൗര്‍ലഭ്യം</u>

658 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളിലും പ്രൈമറി ഹെല്‍ത്ത് സെന്ററുകളിലും മരുന്നുകള്‍ ലഭ്യമല്ലാത്ത സ്ഥിതി വിശേഷം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സര്‍ക്കാര്‍ ആശുപത്രികളില്‍ മരുന്ന് ലഭ്യമാക്കി പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകള്‍ ഒഴിവാക്കാന്‍ അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി</u>

659 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഉപകേന്ദ്രങ്ങളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി സംബന്ധിച്ച് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥ</u>

660 ശ്രീ. എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥകൊണ്ട് 60 കോടി രൂപയുടെ മരുന്ന് നശിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ മരുന്ന്ക്ഷാമം നേരിടുമ്പോൾ മരുന്ന് കെട്ടിക്കിടക്കാൻ കാരണമായതെന്തെന്ന് അറിയിക്കാമോ;

(സി) മരുന്ന് വാങ്ങലിന്റെയും വിതരണത്തിന്റെയും അപാകത നികത്താൻ നടപടി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കാലാവധി കഴിഞ്ഞ മരുന്നുകൾ തീയതി തിരുത്തി നൽകാൻ കെ.എം.എസ്.സി.എൽ നിർദ്ദേശിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വാങ്ങിയ മരുന്ന്</u>

661 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി എത്ര തുകയ്ക്ക് മരുന്ന് വാങ്ങി; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ;

(സി) നടപടിക്രമങ്ങൾക്ക് വിരുദ്ധമായി മരുന്ന് വാങ്ങിയിട്ടുണ്ടോ; അപ്രകാരം മരുന്ന് വാങ്ങുവാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) വാങ്ങിയ മരുന്നുകൾ ഉപയോഗശൂന്യമായി നശിച്ചുപോയി എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഇ) എത്ര കോടി രൂപയുടെ മരുന്നാണ് നശിച്ചുപോയതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്ഗ് സ്റ്റഡീസിന്റെ പ്രവർത്തനം</u>

662 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഭാഗമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്ഗ് സ്റ്റഡീസിന്റെ(കിഡ്സ്) പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം വിഷയങ്ങളാണ് പഠനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് തെരഞ്ഞെടുത്തത്; ഇവയിൽ എത്രത്തോളം പഠനം നടത്തി; പഠനറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>കിഡ്സിന്റെ പ്രവർത്തനം</u>

663 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ (കിഡ്സ്) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) കിഡ്സിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം ഔഷധമേഖലയുടെ ഗുണപരമായ മാറ്റങ്ങൾക്കു കാരണമായേക്കാവുന്ന പ്രോജക്ടുകൾക്ക് രൂപം നല്കാൻ സാധിച്ചിരിന്നുവോ; ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(ഡി) കിഡ്സിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപ്പു സാമ്പത്തിക വർഷം നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ

664 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ അസുഖം ബാധിച്ച രോഗികൾക്ക് പെൻഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് പുതുക്കാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്;

(ബി) അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പെൻഷൻ പരമാവധി നേരത്തെ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും

665 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെ ആരോഗ്യ വകുപ്പിന്റെ കീഴിലെ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും ഇല്ലാത്തതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവൻരക്ഷാ മരുന്നുകൾ, വാക്സിനുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും സൗജന്യമായി രോഗികൾക്ക് നൽകുന്നതിനായി 2012-13,2013-14 വർഷങ്ങളിൽ എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു; എത്ര ചെലവാക്കി; എത്ര തുക ലാപ്സാക്കി; വ്യക്തമാക്കുമോ;

(ഡി) 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക സംസ്ഥാന സർക്കാർ വകയിരുത്തി; എത്ര തുക ചെലവാക്കി; എത്ര തുക ലാപ്സായി; വ്യക്തമാക്കുമോ;

(ഇ) എല്ലാ മരുന്നുകളും ആശുപത്രികളിൽ യഥാസമയം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സൗജന്യ മരുന്നുവിതരണ പദ്ധതി</u>

666 ശ്രീ. വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, കെ. അച്ചുതന്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എല്ലാ മരുന്നുകളും സൗജന്യമായി രോഗികള്‍ക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് ഈ പദ്ധതിയുടെ നിര്‍വ്വഹണം നടത്തുന്നത്;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്കായുള്ള സൗജന്യ പ്രമേഹ ചികിത്സാ പദ്ധതി</u>

667 ശ്രീ. എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് സൗജന്യ പ്രമേഹ ചികിത്സാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം കുട്ടികൾക്കാണ് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സമഗ്ര കാൻസർ ചികിത്സാ പദ്ധതി</u>

668 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര കാൻസർ ചികിത്സാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) രോഗനിർണ്ണയം കഴിയുന്നത്ര വേഗത്തിൽ നടത്തി സമയത്ത് ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത്;

(ഡി) മറ്റ് ജില്ലകളിൽ ഇത് എന്ന് വ്യാപിപ്പിക്കും എന്ന് വ്യക്തമാക്കാമോ;

(ഇ) ക്യാൻസർ രോഗികൾക്ക് പെൻഷനും സൗജന്യ ചികിത്സയും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

സമഗ്ര കാൻസർ ചികിത്സാപദ്ധതി

669 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര കാൻസർ ചികിത്സാപദ്ധതിയുടെ ലക്ഷ്യം എന്തെല്ലാമാണ്;

(ബി) നിലവിലുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ സംസ്ഥാനത്തെ രോഗികളുടെ എണ്ണത്തിന് അനുസരിച്ച് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗം തടയുന്നതിന് നടപടി</u>

670 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ക്യാൻസർ രോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ക്യാൻസർ രോഗ ചികിത്സക്കുള്ള ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) നിർധനരായ ക്യാൻസർ രോഗികളുടെ ചികിത്സാചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മത്സ്യം/പഴവർഗ്ഗം എന്നിവയിലെ മായംചേർക്കൽ</u>

671 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യങ്ങളിലും പഴവർഗ്ഗങ്ങളിലും മാരകമായ വിഷവസ്തുക്കൾ പുരട്ടുന്നതുമൂലമുണ്ടാകുന്ന അതിഭീകരമായ ആരോഗ്യ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇവ നിയന്ത്രിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇവ പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്;

(ഇ) ഇതേകുറിച്ച് വ്യക്തമായ പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ഭക്ഷണ പദാര്‍ത്ഥങ്ങളില്‍ മായം ചേര്‍ക്കല്‍ തടയാന്‍ നിയമനിര്‍മ്മാണം</u>

672 ശ്രീ. ഇ.കെ വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഴകിയതും മായം ചേര്‍ത്തതുമായ ഭക്ഷണ പദാര്‍ത്ഥങ്ങള്‍ പിടിച്ചെടുത്ത് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഏത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(ബി) ഇതു സംബന്ധച്ച് ആര്‍ക്കാണ് പരാതി നല്‍കേണ്ടത് എന്നതിനെക്കുറിച്ച് പൊതുജനങ്ങളില്‍ ആശങ്ക നിലനില്‍ക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പോലീസ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ് ഇവയില്‍ നടപടി സ്വീകരിക്കേണ്ടത് ഏത് വിഭാഗമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കില്‍ ഇതിനായി ഒരു ഏകീകൃത നിയമനിര്‍മ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>മായം ചേര്‍ക്കുന്നത് തടയല്‍</u>

673 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ വസ്തുക്കളില്‍ വര്‍ദ്ധിച്ചുവരുന്ന മായം ചേര്‍ക്കല്‍ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് കൂടുതല്‍ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2014 മെയ് 29-ാം തീയതി വരെ എത്ര മായം ചേര്‍ക്കല്‍ കേസ്സുകള്‍ എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) മായം ചേര്‍ക്കല്‍ തടയുന്നതിന് ഫലപ്രദമായ നിയമത്തിന്റെ അപര്യാപ്തതയുണ്ടോ; ഇവയ്ക്ക് നല്‍കുന്ന പരമാവധി ശിക്ഷയിലും പിഴയിലും കാലാനുസൃതമായവര്‍ദ്ധനവ് വരുത്തുന്നതിന് നിയമത്തില്‍ ഭേദഗതി കൊണ്ടുവരുമോ;

(ഡി) മായം ചേര്‍ക്കുന്നതും വൃത്തിഹീനമായ അവസ്ഥയില്‍ ഭക്ഷ്യവസ്തുക്കള്‍ പാകം ചെയ്യുന്നതും തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പ്രവര്‍ത്തനം കൈക്കൊള്ളാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ</u>

674 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യങ്ങളിലും പഴങ്ങളിലും പച്ചക്കറികളിലും ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ഇവ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം മാത്രം ചെക്ക്പോസ്റ്റുകളിലൂടെ കടത്തിവിടാൻ വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) ഹാനികരമായ രാസവസ്തുക്കൾ ചേർത്ത ഇത്തരം വസ്തുക്കൾ വില്ക്കുന്നവർക്കും മൊത്തവിതരണക്കാർക്കുമെതിരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കർശന നടപടി സ്വീകരിക്കാതെ നാമമാത്ര പിഴ ഈടാക്കി വിടുന്നത് കൊണ്ടാണ് ഇവയുടെ കച്ചവടം തടയാൻ സാധിക്കാത്തതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ശീതളപാനീയങ്ങളിലെ രാസഘടന പരിശോധിക്കാൻ നടപടി</u>

675 ശ്രീ. പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജ്യൂസ് പാർലറുകളിലൂടെ ഷാർജ, ഷേക്ക്, ബദാം, പിസ്ത, മിൽക് ഷേക്ക് തുടങ്ങിയ ആകർഷകമായ പേരുകളിൽ വിറ്റഴിക്കുന്ന ജ്യൂസുകളിലെ മുഖ്യ ഘടകത്തെ സംബന്ധിച്ച് സർക്കാരോ ഏതെങ്കിലും ഏജൻസികളോ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സ്കൂൾ പരിസരങ്ങളിലും, ബസ്സ്റ്റാന്റുകളിലും ഇതിന്റെ വിൽപന വ്യാപകമായി നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ രാസഘടന അടിയന്തരമായി പരിശോധിക്കാനും ഹാനികരമായവ അടങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ ഉറവിടം കണ്ടെത്തി അവർക്കെതിരേ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ പരിശോധന</u>

676 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം കോഴിക്കോട് ജില്ലയിൽ നാളിതുവരെ നടത്തിയ ഭക്ഷ്യവസ്തുക്കളുടെയും ഭക്ഷണകേന്ദ്രങ്ങളുടെയും പരിശോധനകളും, പ്രസ്തുത പരിശോധനകളിൽ പുറത്തുവന്ന പൊതുവായ കണ്ടെത്തലുകളും സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കയാണ്;

(സി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ കോഴിക്കോട് ജില്ലയിൽ എത്ര സ്ഥാപനങ്ങൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ പേര് വിവരം അറിയിക്കുമോ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെട്ടു എന്നും എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പകര്‍ച്ചവ്യാധികള്‍ തടയുന്നതിനും പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കും കേന്ദ്ര ധനസഹായം</u>

677 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പകര്‍ച്ചവ്യാധികള്‍ തടയുന്നതിനും പ്രതിരോധപ്രവര്‍ത്തനങ്ങള്‍ക്കുമായി കേന്ദ്രസര്‍ക്കാരില്‍ നിന്ന് കഴിഞ്ഞ സാമ്പത്തിക വര്‍ഷം (2013-14) എന്തു ധനസഹായമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്;

(ബി) ഇത് കൃത്യമായി ചെലവഴിച്ചിട്ടുണ്ടോ;

(സി) വരവും, ചെലവും വിശദമാക്കാമോ;

(ഡി) ഈ വര്‍ഷത്തെ മഴക്കാല പൂര്‍വ്വശുചീകരണത്തിനായി എന്തു തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഇ) ഇതിന്റെ ജില്ലതിരിച്ചുളള കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>വര്‍ഷകാല പകര്‍ച്ചവ്യാധികള്‍ക്കെതിരെ മുന്‍കരുതല്‍</u>

678 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷകാലത്ത് പകര്‍ച്ചവ്യാധികള്‍ പടരുന്നതിനുള്ള സാധ്യത ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിലുണ്ടോ; ഇതിനെതിരെ എന്തെല്ലാം മുന്‍കരുതലുകള്‍ ആണ് സ്വീകരിക്കുന്നത്;

(ബി) പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതമാക്കുന്നതിനായി എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് ഡി.എം.ഒ. മാര്‍ക്ക് നല്‍കിയിരിക്കുന്നത്; ഓരോ ഡി.എം.ഒ. മാര്‍ക്കും എത്ര സ്പെഷ്യല്‍ ഫണ്ട് അനുവദിച്ചു ; വിശദാംശം നല്‍കാമോ;

(സി) ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി ''സ്പെഷ്യല്‍ പാക്കേജ്'' നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ; വിശദാംശം നല്‍കാമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>വര്‍ഷകാല പകര്‍ച്ചവ്യാധികള്‍ നിയന്ത്രിക്കുന്നതിന് നടപടി</u>

679 ശ്രീ. പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷകാല പകര്‍ച്ചവ്യാധികള്‍ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) വര്‍ഷകാല രോഗങ്ങളും പകര്‍ച്ചവ്യാധികളും മുന്നില്‍കണ്ട് സര്‍ക്കാര്‍ ആശുപത്രികളില്‍ ഔഷധങ്ങള്‍ ലഭ്യമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനുള്ള നടപടി</u>

680 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് ചിക്കൻഗുനിയ, ഡങ്കിപ്പനി, തക്കാളിപ്പനി, മലമ്പനി, എച്ച്1 എൻ1. പനി, മറ്റിതര പകർച്ചപ്പനികൾ എന്നിവ ബാധിച്ച് എത്ര പേർ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനും, മഴക്കാല പൂർവ്വ ശുചീകരണത്തിനുമായി സർക്കാർ ഈ സാമ്പത്തിക വർഷം എത്ര തുക നീക്കിവെച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മഴക്കാല പൂർവ്വ ശുചീകരണം</u>

681 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് പകർച്ചവ്യാധി പടർന്ന് പിടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ ഇതനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൽ നടത്തുവാൻ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇത് കൃത്യമായി ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികളിൽ പനിക്കുള്ള മരുന്നുകൾ ആവശ്യത്തിന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മഴക്കാല രോഗങ്ങൾ തടയാൻ നടപടി</u>

682 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ തടയാൻ ആരോഗ്യവകുപ്പ് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പി.എച്ച്.സി., സി.എച്ച്.സി. തൊട്ട് താലൂക്കാശുപത്രി തലം വരെ അടിയന്തരസാഹചര്യങ്ങൾ നേരിടാനുള്ള രീതിയിൽ ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾ, ലാബോറട്ടറി സൗകര്യങ്ങൾ ഇവ ഒരുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മാരകമായ രോഗാണുക്കളെ നശിപ്പിക്കാൻ വിദഗ്ദ്ധരുടെ സഹായത്തോടെ എന്തെങ്കിലും കരുതൽ നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ആലോചിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

കൊല്ലം ജില്ലിൽ മഴക്കാല പൂർവ്വരോഗങ്ങളെ
പ്രതിരോധിക്കാൻ നടപടി

683 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മഴക്കാല പൂർവ്വരോഗങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ;

(ബി) ഏതെല്ലാം മഴക്കാല രോഗങ്ങൾ പിടിപെടാനാണ് സാധ്യത എന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും തടയുന്നതിന് മുൻകരുതലുകൾ

684 ശ്രീ. കെ ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാർച്ച്/ഏപ്രിൽ മാസങ്ങളിൽ എൻ.ആർ.എച്ച്.എം. മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തലശുചിത്വ സമിതിക്ക് ലഭിക്കാറുള്ള സാനിറ്റേഷൻ ഫണ്ട് ഇതുവരെയും ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിനാൽ പ്രാദേശികമായി നടക്കുന്ന ശുചിത്വ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൻ.ആർ.എച്ച്.എം. ഫണ്ട് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം പരിഹരിക്കാൻ നടപടി

685 ശ്രീ. ഇ.കെ വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെയും അനുബന്ധ വസ്തുക്കളുടെയും ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ മരുന്നിന്റെ ദൗർലഭ്യത്തെക്കുറിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

686 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പേ വിഷം, ടെറ്റനസ് പ്രതിരോധ മരുന്നുകളുടെ ദൗർലഭ്യം</u>

687 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേ വിഷം, ടെറ്റനസ് എന്നിവയ്ക്കുള്ള പ്രതിരോധ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് ആവശ്യത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം അവശ്യമരുന്നുകളുടെ ലഭ്യതക്കുറവു മരുന്നു കമ്പനികളുടെ ലാഭേച്ഛകാരണമാണെന്ന വസ്തുത ശരിയാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

<u>മാനസികരോഗികളുടെ പുനരധിവാസം</u>

688 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളിൽ ഓരോന്നിലും എത്ര രോഗികളെ വീതം കിടത്തി ചികിത്സിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രോഗികളിൽ എത്രപേർ സ്ത്രീകളാണെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധുമിത്രാദികൾ ഇല്ലാത്ത എത്ര രോഗികൾ പ്രസ്തുത ആശുപത്രികളിലെ ഐ.പി. വിഭാഗത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) രോഗം പൂർണ്ണമായും ഭേദമായി ഇത്തരത്തിലുള്ള എത്ര പേർ ആശുപത്രിയിൽ തന്നെ കഴിയേണ്ടി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരക്കാരുടെ പുനരധിവാസത്തിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

പേ വിഷബാധയ്ക്കുള്ള ചികിത്സാസൗകര്യങ്ങൾ

689 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പേ വിഷബാധമൂലം എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിലാണ് പേ വിഷബാധയ്ക്കുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും അവിടങ്ങളിലെല്ലാം പേ വിഷബാധ ചികിത്സിക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാണോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

108 ആംബുലൻസുകളുടെ പ്രവർത്തനം

690 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

108 ആംബുലൻസുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്; ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>രാത്രികാല പോസ്റ്റുമാർട്ടം</u>

691 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃതശരീരങ്ങൾ രാത്രികാലങ്ങളിൽ പോസ്റ്റുമാർട്ടം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് പ്രസിദ്ധപ്പെടുത്തുമോ;

(ബി) അപകടങ്ങളിലോ അസുഖങ്ങളിലോ പെട്ടവർ ആശുപത്രിയിലെത്തിക്കുന്നതിനു മുമ്പ് മരണപ്പെട്ടാൽ മൃതശരീരം പോസ്റ്റുമാർട്ടം ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കികിട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംശയകരമായ മരണ സാഹചര്യങ്ങളിൽ പോലീസ് സർജ്ജന്റെ സേവനം അതത് ജില്ലാ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുമോ; ഇപ്പോൾ പോലീസ് സർജ്ജന്റെ സേവനം ലഭിക്കുന്ന കേന്ദ്രങ്ങൾ ഏവ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

692 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശിശുക്കളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ പോഷകാഹാരക്കുറവുമൂലം എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഇപ്രകാരം മരണപ്പെടാനുണ്ടായ കാരണങ്ങളെക്കുറിച്ച് വിശദപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ</u>

693 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായുള്ള ഏറ്റവും ഒടുവിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ എത്ര പേർ പങ്കെടുത്തു;

(ബി) ഇതിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽ അർഹരായ എത്ര ദുരിതബാധിതരാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ചോരക്കുഞ്ഞിന്റെ ജഡം പ്ളാസ്റ്റിക് കൂടയിലാക്കി
മാതാവിനു നൽകിയെന്ന പരാതി

694 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ചോരക്കുഞ്ഞിന്റെ ജഡം പ്ളാസ്റ്റിക് കൂടയിലാക്കി മാതാവിനു നൽകിയതു സംബന്ധിച്ചുള്ള ആന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മണ്ഡലാടിസ്ഥാനത്തിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ</u>

695 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാരുണ്യ മെഡിക്കൽ സ്റ്റോറുകളാണ് നിലവിലുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര ശതമാനം വരെ വില കുറച്ചാണ് കാരുണ്യ സ്റ്റോറുകളിൽ മരുന്ന് വിൽപ്പന നടത്തുന്നത് ;

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ സംസ്ഥാനത്തൊട്ടാകെ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>വിദേശത്തും സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്ന ഡോക്ടർമാർക്കെതിരെ നടപടികൾ</u>

696 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാരെ പിരിച്ചു വിട്ടു; എത്ര ഡോക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാർ അവധിയെടുത്തും അല്ലാതെയും വിദേശത്തും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്ര പേരുടെ പേരിൽ ഈ സർക്കാർ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഖജനാവിൽ നിന്നും ചെലവ് വഹിച്ച് ഡോക്ടർ ആകുന്നവർ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ അവധിയെടുത്ത് സ്വകാര്യ ആശുപത്രികളിലും വിദേശത്തും സേവനം അനുഷ്ഠിച്ച് കൂടുതൽ കാശുണ്ടാക്കുന്ന പ്രവണത കൂടി വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

ചികിൽസാ പിഴവ് വരുത്തിയ ഡോക്ടർമാർക്കെതിരെ നടപടി

697 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചികിത്സാ പിഴവ് മൂലം മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ചികിത്സാ പിഴവിന്റെ പേരിൽ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ചികിത്സാ പിഴവിന്റെ പേരിൽ കോടതികൾ എത്ര ഡോക്ടർമാരെ കുറ്റക്കാരെന്ന് കണ്ടെത്തി; അവർ ആരെല്ലാം;

(ഡി) ചികിത്സാ പിഴവ് മൂലം മരണം, അംഗവൈകല്യം എന്നിവയ്ക്ക് സ്വകാര്യ ആശുപത്രികളിൽ വിധേയരായവർ എത്ര; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വ്യക്തമാക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിൽ ഓപ്പറേഷൻ ചെയ്യേണ്ടുന്ന സ്ഥലം മാറ്റി മറ്റു സ്ഥലങ്ങളിൽ ഓപ്പറേഷൻ നടത്തിയ എത്ര ഡോക്ടർമാരുണ്ട്; അവർ ആരെല്ലാം; ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സംഭവങ്ങൾ നടന്നത്; എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(എഫ്) ചികിത്സാ പിഴവുമൂലം മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ, സ്ഥലം മാറ്റി മറ്റ് സ്ഥലങ്ങൾ ഓപ്പറേഷൻ നടത്തപ്പെട്ടവർ എന്നിവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായം നാളിതുവരെ അനുവദിച്ചു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ചികിത്സാ സഹായത്തിന്റെ വിശദാംശം

698 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും കാസർഗോഡ് ജില്ലയിലെ അപേക്ഷകരിൽ എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇവർക്ക് എത്ര രൂപയുടെ സഹായം ലഭിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ചടയമംഗലത്ത് പി.എച്ച്. സെന്ററിന് കെട്ടിടം

699 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

20.12.2013-ലെ 1 കോടി രൂപയുടെ ആസ്തിവികസന ഫണ്ടു പ്രകാരം ചടയമംഗലത്ത് പി.എച്ച്. സെന്റർ വികസനത്തിന് കെട്ടിടം നിർമ്മിക്കുവാൻ നിർദ്ദേശിച്ചിട്ടും ആയതിന് ഇതുവരെ ഭരണാനുമതി ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെ പ്രവര്‍ത്തനം</u>

700 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയില്‍ ഉച്ചയ്ക്ക് ശേഷവും ഡോക്ടര്‍മാരുടെ സേവനം ലഭ്യമാക്കാമോ;

(ബി) ഇവിടെ 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനം ഏര്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ ഒന്‍പത് ഗ്രാമപഞ്ചായത്തുകളില്‍ ഒന്നിലുംതന്നെ പ്രസവചികിത്സ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഓപ്പറേഷന്‍ തിയേറ്റര്‍, ലേബര്‍ റൂം, പ്രസവ വാര്‍ഡ്, ബ്ലഡ് ബാങ്ക്, ലാബോറട്ടറി, പേവാര്‍ഡ് എന്നീ സൗകര്യങ്ങളെല്ലാമുള്ള ബാലുശ്ശേരി താലൂക്ക് ആശുപത്രിയില്‍ ഗൈനക്കോളജി വാര്‍ഡ് ഏര്‍പ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി സർക്കാർ ആശുപത്രിയിൽ സൗകര്യങ്ങളും സ്റ്റാഫും</u>

701 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കുമോ?

(ബി) നഗരമധ്യത്തിൽ ഒരേക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ആശുപത്രിയിൽ സ്റ്റാഫുകളെ നിയമിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>നേമം, ശാന്തിവിള താലൂക്ക് ആശുപത്രി വികസനം</u>

702 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ ശാന്തിവിളയിൽ സ്ഥിതിചെയ്യുന്ന താലൂക്ക് ആശുപത്രിയുടെ വികസനം എൻ .ആർ. എച്ച്.എം- പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്; നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ വിശദമാക്കുമോ; എന്നത്തേക്ക് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

ദേവികുളം, അടിമാലി താലൂക്കുകളിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

703 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്ക് ആശുപത്രിയിൽ ഇടിച്ചിട്ട ബ്ലോക്ക് പണിയുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത്;

(ബി) രണ്ട് വർഷക്കാലമായി പ്രവർത്തനം നിലച്ച പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) അടിമാലി താലൂക്ക് ആശുപത്രി, ചിത്തിരപുരം, ദേവികുളം സി.എച്ച്.സി, മറയൂർ പി.എച്ച്.സി എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നതിന് പ്രസ്തുത കാലയളവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

## ചേര്‍ത്തല താലൂക്ക് ആശുപത്രിയിലെ ട്രോമ കെയര്‍ യൂണിറ്റിന്റെ പ്രവര്‍ത്തനം

704 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ കേന്ദ്ര പ്രതിരോധ മന്ത്രിയുടെ ഫണ്ട് വിനിയോഗിച്ച് നിര്‍മ്മിക്കുകയും ഉദ്ഘാടനം നടത്തുകയും ചെയ്ത ട്രോമ കെയര്‍ യൂണിറ്റിലേയ്ക്ക് ആവശ്യമായ ജീവനക്കാരെയും ഡോക്ടര്‍മാരേയും മറ്റ് ടെക്നീഷ്യന്‍മാരെയും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്നു പറയാമോ;

(ബി) ട്രോമാകെയര്‍ യൂണിറ്റിനുവേണ്ടി കെട്ടിടം നിര്‍മ്മിക്കുകയും അതിലേയ്ക്കാവശ്യമായ ഉപകരണങ്ങളും ഡോക്ടര്‍മാരും എത്തുന്നതിനുമുമ്പുതന്നെ ഇതിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തത് എന്തുകൊണ്ടാണെന്നും പറയാമോ; ഇതിലേയ്ക്ക് ആവശ്യമായ ഡോക്ടര്‍മാരേയും മറ്റ് ജീവനക്കാരെയും ആവശ്യമായ ഉപകരണങ്ങളും എത്ര ദിവസങ്ങള്‍ക്കകം നല്‍കുമെന്നും ട്രോമാകെയര്‍ യൂണിറ്റിന്റെ പ്രവര്‍ത്തനം എന്നാരംഭിക്കുമെന്നും പറയാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>നേമം, ശാന്തിവിള താലൂക്ക് ആശുപത്രിയിൽ പുതിയ ട്രോമാകെയർ യൂണിറ്റ്</u>

705 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം, കാട്ടാക്കട, കോവളം-എന്നീ നിയമസഭാ മണ്ഡലങ്ങളിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾ ചികിത്സ തേടി എത്തുന്ന, ദേശീയ പാതയ്ക്കു സമീപം സ്ഥിതിചെയ്യുന്ന, നേമം നിയോജക മണ്ഡലത്തിലെ ശാന്തിവിള-താലൂക്ക് ആശുപത്രിയിൽ ഒരു ട്രോമാകെയർ യൂണിറ്റ് അടിയന്തിരമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ജനറൽ ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങൾ</u>

706 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്താൻ ഉദ്ദേശമുണ്ടോ;

(ബി) നിലവിലുള്ള ജനറൽ ആശുപത്രികളിലെല്ലാം ചട്ടങ്ങളനുശാസിക്കുന്ന രീതിയിൽ വിവിധ മേഖലയിലെ വിദ്ഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ; ഇതേ ആശുപത്രികളിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ സേവനം വേണ്ടത്ര ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) എല്ലാ ജനറൽ ആശുപത്രികളിലും പാമ്പിൻ വിഷത്തിനുള്ള അന്റിവെനം ഉണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പേവിഷ പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്ന് വേണ്ടത്ര ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ ക്യാൻസർ ചികിത്സാ സൗകര്യം</u>

707 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റാൻ സർക്കാർ പദ്ധതി തയ്യാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി പുതിയ എന്തെല്ലാം സൗകര്യങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മലബാറിൽ നിന്നുള്ള കാൻസർ രോഗികൾ വിദഗ്ധ ചികിത്സക്കായി ആർ.സി.സി.യെയാണ് ആശ്രയിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലബാറിൽ കാൻസർ ചികിത്സക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങൾ നിലവിലില്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ആധുനിക രീതിയിലുള്ള കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാരിന് സൗജന്യമായി ലഭിച്ച സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**മാവൂർ തെങ്ങിലക്കടവിലൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു നടപടി**

708 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ വില്ലേജിലെ തെങ്ങിലക്കടവിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) തലശ്ശേരി ക്യാൻസർ സെന്ററിന് ഈ കേന്ദ്രം സ്ഥാപിക്കാൻ സാധിക്കില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഭൂമി ലീസിന് നൽകിയ നടപടി റദ്ദ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് കേന്ദ്രം അനുവദിക്കുന്ന ക്യാൻസർ സെന്റർ ആരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം

709 ശ്രീ. ആര്‍ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയില്‍ വര്‍ക്ക് അറേഞ്ച്മെന്റിന്റെ പേരില്‍ മാറ്റിയിരിക്കുന്ന മുഴുവന്‍ ഡോക്ടര്‍മാരെയും തിരികെ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രിയെ പൂര്‍ണ്ണ പ്രവര്‍ത്തന സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയില്‍ ആംബുലന്‍സ് സര്‍വ്വീസ് നിലച്ചിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പ്രവര്‍ത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മാവേലിക്കര താഴക്കര പഞ്ചായത്തിലെ വെട്ടിയാര്‍ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി.എച്ച്.സിയുടെ തെക്കേക്കര പഞ്ചായത്തിലെ വരേണിക്കല്‍ പി.എച്ച്.സി. കെട്ടിടങ്ങള്‍ ശോചനീയാവസ്ഥയിലായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പി.എച്ച്.സി.കള്‍ക്ക് കെട്ടിടം നിര്‍മ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

710 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ്, സൈക്യാട്രി യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ മെഡിക്കൽ ഷോപ്പ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

**മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി**

711 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി) താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ പെരിന്തൽമണ്ണ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഇല്ലാത്തതിനാലും, മങ്കട മണ്ഡലത്തിൽ കിടത്തി ചികിത്സയുള്ള ഏക ആശുപത്രിയായ മങ്കട സി.എച്ച്.സി.–യെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

നെന്മാറ സി.എച്ച്.സി യിൽ വിഷചികിത്സാ കേന്ദ്രം ആരംഭിക്കാൻ നടപടി

712 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശമായ നെന്മാറ മണ്ഡലത്തിലെ വിവിധ പ്രദേശത്തുള്ള ആളുകൾക്ക് പാമ്പുകടിയേറ്റ് യഥാസമയം ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണം സംഭവിക്കുന്നുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാമ്പുകടിയേറ്റ ആളുകളെ ചികിത്സക്കായി പാലക്കാട്, തൃശ്ശൂർ എന്നീ ദൂരസ്ഥലത്തുള്ള ആശുപത്രികളിൽ എത്തിക്കേണ്ടത് കാരണമാണ് മരണം സംഭവിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി നെന്മാറ സി.എച്ച്.സി. യിൽ വിഷചികിത്സാ കേന്ദ്രം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്ക് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി</u>

713 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്ക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമുളള സ്റ്റാഫ്പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) ആശുപത്രി കെട്ടിടംപോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അത്യാഹിത വിഭാഗം

714 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ദേശീയ പാതയിൽ വെച്ചും കടലിൽ നിന്നും അപകടത്തിൽപ്പെടുന്ന ധാരാളം രോഗികൾ അടിയന്തിര ചികിത്സക്കായിയെത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സി.എച്ച്.സി.യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്യാഹിത വിഭാഗം അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ്, എക്സ്റേ യൂണിറ്റുകൾക്കായി ജീവനക്കാരെ നിയമിക്കാൻ നടപടി</u>

715 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും, എക്സ്റേ യൂണിറ്റും ആരംഭിക്കുന്ന കാര്യം അറിയുമോ;

(ബി) ഇതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ പുതിയ ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം

716 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുതിയ ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്താണ്;

(ബി) പുതിയതായി സ്ഥാപിച്ച എക്സ്-റേ ലാബിന്റെ പ്രവർത്തനം നിലയ്ക്കാനിടയായ സാഹചര്യം എന്താണ്;

(സി) കെട്ടിട നിർമ്മാണം പൂർത്തിയായ ട്രോമാ കെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

വൃക്കരോഗം കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകൾ

717 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിനും വ്യക്തികൾക്കും വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഈ രോഗം പ്രഥമഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ പഞ്ചായത്തുകളിലും വൃക്കരോഗം പ്രാഥമികഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് വാർഡുകൾതോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഇത് പ്രത്യേക ക്യാമ്പയിൻ ആയി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി</u>

718 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃക്ക രോഗികളുടെ ചികിത്സയ്ക്കായി ഡയാലിസിസ് സെന്ററുകൾ അധികമായി സ്ഥാപിക്കാൻ ആരോഗ്യവകുപ്പ് പദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

കണ്ണൂര്‍ ജില്ലയിലെ താലൂക്കാശുപത്രികളില്‍ ഡയാലിസിസ് യൂണിറ്റുകള്‍

719 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ദ്ധിച്ചുവരുന്ന വൃക്കരോഗികളുടെ എണ്ണം പരിഗണിച്ച് കൂടുതല്‍ ഡയാലിസിസ് യൂണിറ്റുകള്‍ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കണ്ണൂര്‍ ജില്ലയിലെ എരിപുരം താലൂക്ക് ആശുപത്രിയുള്‍പ്പെടെയുള്ള എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണീറ്റ്

720 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണീറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിൽ യൂണീറ്റുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നാളിതുവരെയായിട്ടും ഡയാലിസിസ് യൂണീറ്റ് ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ അടിയന്തിരമായി ഡയാലിസിസ് യൂണീറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കുറ്റ്യാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിനുള്ള നടപടി</u>

721 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിന് അനുവദിച്ച ഒരു കോടി രൂപയ്ക്ക് ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം</u>

722 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിന് കീഴിലുള്ള കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>നെടുങ്ങോലം താലുക്ക് ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർഹൗസ്</u>

723 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി വളപ്പിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വക വെയർഹൗസ് നിർമ്മിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വെയർഹൗസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

തലശ്ശേരി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസിന്റെ പ്രവർത്തനം

724 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 4-3-2014-ൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്)74/2014/എച്ച് & എഫ്.ഡബ്ല്യൂ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രസ്തുത സ്ഥാപനത്തെ ദോഷകരമായി ബാധിക്കുമെന്ന് കാണിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മരുന്നു കുറിപ്പടികൾ ക്യാപിറ്റൽ ലെറ്ററിൽ</u>

725 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലോപ്പതി ഡോക്ടർമാർ മരുന്നുകൾ കുറിച്ചു നൽകുമ്പോൾ പേര് കൂട്ടക്ഷരത്തിൽ എഴുതാതെ ക്യാപിറ്റൽ ലെറ്ററിൽ എഴുതണമെന്ന നിർദ്ദേശം ഡോക്ടർമാർക്ക് സർക്കുലറിലൂടെ നൽകുമോ;

(ബി) മരുന്നിന്റെ കുറിപ്പടികൾ വായിക്കാൻ കഴിയാതെ മരുന്നു മാറി കഴിയ്ക്കുന്നതു മൂലമുണ്ടാകുന്ന അത്യാഹിതമൊഴിവാക്കാൻ ബോധവൽക്കരണം നടത്തുമോ;

(സി) മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റുകൾ ഉണ്ടാകണമെന്ന നിബന്ധന കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**<u>ഡെന്റൽ ഹൈജീനിസ്റ്റുകളുടെ ജോലി പരിഷ്കരിക്കുവാൻ കമ്മീഷൻ</u>**

726 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ ജോലി പരിഷ്കരിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം നടപടികളാണ് റിപ്പോർട്ടിൻമേൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ചേര്‍പ്പ് കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്റര്‍

727 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക മണ്ഡലത്തിലെ ചേര്‍പ്പ് കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്റര്‍ താലൂക്ക് ഹോസ്പിറ്റല്‍ പദവിയിലേക്ക് ഉയര്‍ത്തുന്നത് സംബന്ധിച്ച നിര്‍ദ്ദേശങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹെല്‍ത്ത് സെന്റര്‍ താലുക്ക് ആശുപത്രി പദവിയിലേക്ക് ഉയര്‍ത്തുന്നതിനുള്ള നടപടിക്രമങ്ങള്‍ ഏതു ഘട്ടത്തിലായെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ സേവനം</u>

728 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാർ</u>

729 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജില്ലാ ആശുപത്രി അടക്കമുള്ള വിവിധ ആശുപത്രികളിലെ അലോപതി ഡോക്ടർമാരുടെ എണ്ണം, നിയമനരീതി, തസ്തിക എന്നിവയുടെ അടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിൽ സേവനം ചെയ്യുന്ന മറ്റു ജീവനക്കാരുടെ (ഫാർമസിസ്റ്റ്, നഴ്സ് മുതലായവ) എണ്ണം, നിയമനരീതി, തസ്തിക എന്നിവ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിലെ തസ്തികകൾ</u>

730 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ അത്യാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകണമെന്ന് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അപേക്ഷയിലെ ആവശ്യം പരിഗണിച്ച് അനുകൂല നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

ആരോഗ്യ വകുപ്പിലെ യൂണിഫോം നിർബന്ധമാക്കപ്പെട്ടിട്ടുള്ള തസ്തികകൾ

731 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാർക്ക് യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പ്രാബല്യത്തിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

732 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്ര ഡോക്ടർമാരെ നിയമിച്ചു;

(ബി) ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാവരും നിയമിതരായോ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവ്

733 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

734 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മിശ്രവിവാഹിതരുടെ മക്കളെ മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി</u>

735 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എത്ര കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യത നേടിയ വിദ്യാർത്ഥികളിൽ ആരെയെങ്കിലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു കാരണത്താലാണ് ഇവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മിശ്രവിവാഹിതരായ ദമ്പതികളിൽ ഭർത്താവ് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടിക ജാതി വിഭാഗത്തിലുള്ള ആനുകൂല്യം ലഭിക്കുമെന്നിരിക്കെ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്തിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) യോഗ്യതാമാർക്ക് നേടിയ മുഴുവൻ മിശ്രവിവാഹിതരായ മാതാപിതാക്കളുടെ കുട്ടികളെയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ നിന്നും ലീവെടുത്ത ഡോക്ടർമാർ</u>

736 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാക്കാമോ;

(ബി) വലിയകുന്ന് താലൂക്കാശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോക്ടർമാർ ആരൊക്കെയാണ് ഇപ്പോൾ ലീവിൽ പ്രവേശിച്ചിട്ടുള്ളതെന്നും എന്ത് ആവശ്യത്തിനാണ് ലീവെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഡോക്ടർമാർ തുടർച്ചയായി ലീവെടുക്കുന്നത് ഈ ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കൽ</u>

737 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര സ്റ്റാഫ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരാമെഡിക്കൽ സ്റ്റാഫിന്റെയും, ഡോക്ടർമാരുടേയും തസ്തികകൾ കൂടുതലായി അനുവദിക്കണം എന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ;

(സി) അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി</u>

738 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. എച്ച്. സി. കളായി ഉയർത്തപ്പെട്ടിട്ടുള്ള ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) സി. എച്ച്. സി. കളും, പി. എച്ച്. സി. കളും, ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ആയത് സമയബന്ധിതമായി പൂർത്തീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ</u>

739 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പു ഡയറക്ടറുടെ കീഴിലും ഓരോ കാറ്റഗറിയിലുമായി എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്; എത്ര ഒഴിഞ്ഞു കിടക്കുന്നു; എന്താണ് കാരണം;

(സി) നഴ്സുമാർ ഉൾപ്പെടെയുള്ള പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടെ എത്ര ഒഴിവുകൾ സംസ്ഥാനത്തുണ്ടെന്നും, ഓരോ കാറ്റഗറിയിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണവും, ഓരോന്നിന്റെയും ഒഴിവും തരംതിരിച്ച് പറയാമോ;

(ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രി ഉൾപ്പെടെ മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടേയും, പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടേയും അനുവദിക്കപ്പെട്ട തസ്തിക എത്ര; ഏതെല്ലാം ഒഴിഞ്ഞു കിടക്കുന്നു; എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; വിശദാംശം നൽകാമോ;

(ഇ) മണ്ഡലത്തിലെ സി.എച്ച്.സി., പി.എച്ച്.സി.കളിൽ അനുവദിക്കപ്പെട്ട തസ്തികയും, ഒഴിവുകളുടെ വിശദാംശവും നൽകാമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ അപര്യാപ്തത</u>

740 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഒരു വർഷം ഒ.പി, ഐ.പി വിഭാഗങ്ങളിലായി ശരാശരി എത്ര രോഗികൾ ചികിത്സയ്ക്ക് എത്തുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ജീവനക്കാർ എന്നിങ്ങനെ ഓരോ വിഭാഗത്തിലും എത്രപേർ വീതം ജോലിചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(സി) രോഗികളുടെ എണ്ണത്തിന് അനുസൃതമായി ആവശ്യമായ ഡോക്ടർമാരുടെയും, നേഴ്സ്മാരുടെയും സേവനം ലഭ്യമാണോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>വൈപ്പിനിലെ ആരോഗ്യവകുപ്പ് ജീവനക്കാരുടെ അപര്യാപ്തത</u>

741 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജനസാന്ദ്രതയേറിയതിനാലും, അന്യസംസ്ഥാനതൊഴിലാളികളുടെ ബാഹുല്യംമൂലവും സാംക്രമിക രോഗങ്ങൾ പടരുന്നതിന് സാധ്യതയേറിയ വൈപ്പിനിൽ ഒഴിവുള്ള ഡോക്ടർ, പാരാമെഡിക്കൽ തസ്തികളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

താത്കാലിക ഡ്രൈവർമാരായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തൽ

742 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ 15 വർഷത്തിലേറെ താല്ക്കാലിക ജീവനക്കാരായി ജോലി നോക്കി വരുന്ന ഡ്രൈവർ തസ്തികയിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ധനവകുപ്പിൽ താല്ക്കാലിക തസ്തികയിൽ ഡ്രൈവർമാരായി 10 വർഷത്തിലേറെ ജോലി ചെയ്തു വന്നിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ധനവകുപ്പ് (സ.ഉ.(കൈ)നം.572/2013/ധന തീയതി 21.11.2013) പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 15 വർഷത്തിലേറെ ഡ്രൈവർമാരായി താല്ക്കാലികമായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വളരെ പരിമിതമായ ജീവിത സാഹചര്യത്തിൽ നിന്നുകൊണ്ട് മറ്റ് തൊഴിലുകൾക്കൊന്നും പോകാതെ 15 വർഷത്തിലേറെ ജോലി ചെയ്തുവന്നിരുന്ന ടി ഡ്രൈവർമാരുടെ കാര്യം ഒരു മനുഷ്യാവകാശ പ്രശ്നമായിക്കണ്ട് ഇക്കൂട്ടരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ലാബ് ടെക്നീഷ്യന്മാരുടെ നിയമനം</u>

743 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലാബ് ടെക്നീഷ്യന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ലാബ് ടെക്നീഷ്യൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടത്തിയ നിയമനത്തിന്റെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥിരം തസ്തികയില്ലാത്ത പി.എച്ച്.സി.കൾ</u>

744 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥിരം തസ്തികയില്ലാത്ത എത്ര പി.എച്ച്.സി.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥിര തസ്തികയില്ലാത്ത പി.എച്ച്.സി.കൾ ഏതെല്ലാം ജില്ലകളിലാണെന്ന് വിശദമാക്കുമോ;

(സി) താനൂർ മണ്ഡലത്തിൽ ഇത്തരത്തിലുള്ള ജെ.എച്ച്.ഐ തസ്തികകൾ ഇല്ലാത്ത ഏതെല്ലാം പി.എച്ച്.സി.കളുണ്ടെന്ന് അറിയാമോ;

(ഡി) ജെ.എച്ച്.ഐ. തസ്തിക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും തസ്തികകൾ അനുവദിക്കുന്നതിനായി എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സ്ഥിതിവിവര കണക്ക്</u>

745 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ നിലവിലുള്ള സ്ഥിരം, താല്കാലിക വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

പെരിയ സി.എച്ച്.സി.യിൽ സ്പെഷ്യലിസ്റ്റുകളുടെ നിയമനം

746 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തായ എല്ലൂർ പെരിയയിൽ സ്ഥിതിചെയ്യുന്ന പെരിയ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിന്റേയും പീഡിയാട്രീഷ്യന്റേയും തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ തീയറ്ററും ലാബ് സൗകര്യങ്ങളും സജ്ജമാക്കിയിട്ടുള്ള മേൽ സി.എച്ച്.സിയിൽ പ്രസ്തുത തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റുകളുടെ നിയമനം</u>

747 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റുകളെ ജില്ല / ജനറൽ ആശുപത്രികളിൽ നിയമിക്കണമെന്ന് ഡി.എച്ച്.എസ്. നിർദ്ദേശം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഉത്തരവുകളുടെ / നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) നിയമനങ്ങൾ സംബന്ധിച്ച് നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കല്‍ കോളേജുകള്‍</u>

748 ശ്രീ. ഷാഫി പറമ്പില്‍
,, എം.എ. വാഹീദ്
,, അന്‍വര്‍ സാദത്ത്
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ മെഡിക്കല്‍ കോളേജുകള്‍ തുടങ്ങുവാന്‍ എന്തെല്ലാം കര്‍മ്മ പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കല്‍ കോളേജുകള്‍ തുടങ്ങുവാനുദ്ദേശിക്കുന്നത് എവിടെയൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) മെഡിക്കല്‍ കോളേജുകള്‍ തുടങ്ങുവാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനം</u>

749 ശ്രീ. സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, എ.റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം വികസനങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയനുസരിച്ച് മെഡിക്കൽ കോളേജുകളിൽ നടപ്പിൽ വരുത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

750 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ട ശേഷം അതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കെട്ടിടം പണിക്ക് എസ്റ്റിമേറ്റ് തയാറായിട്ടുണ്ടോ; എങ്കിൽ എന്തു തുകക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറായിട്ടുള്ളത്;

(സി) ഇതിന്റെ ചെലവുകൾക്കുള്ള തുക ഏതു വിധത്തിൽ കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതു സംബന്ധമായ നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

751 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത കൊച്ചി സഹരണ മെഡിക്കൽ കോളേജ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റൻഡർ, നേഴ്സിംഗ് അസിസ്റ്റന്റ്, സ്റ്റാഫ് നേഴ്സ് എന്നീ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് നിർമ്മാണം</u>

752 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിന് വേണ്ടി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

753 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ എത്ര; നിലവിൽ ജോലിചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; വിശദമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡോക്ടർമാരുടെ കുറവു മൂലം ശസ്ത്രക്രിയകൾ മാറ്റിവച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി നിലച്ചതുമൂലം മെഴുകുതിരി വെളിച്ചത്തിൽ ഇവിടെ ശസ്ത്രക്രിയകൾ നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

എം. ബി. ബി. എസ്. സീറ്റുകളുടെ എണ്ണം

754 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ എം. ബി. ബി. എസ്സിന് എത്ര സീറ്റുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്ത ഏതെങ്കിലും മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ഉണ്ടോ;

(സി) ഓരോ മെഡിക്കൽ കോളേജിലും ഇപ്പോഴുള്ള എം. ബി. ബി. എസ്സ് സീറ്റുകളുടെ എണ്ണം മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാതെ കുറയ്ക്കേണ്ടിവന്ന സാഹചര്യം നിലവിലുണ്ടോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി</u>

755 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ആകെ എത്ര അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) മതിയായ ജീവനക്കാരില്ലാത്തതുമൂലം അദ്ധ്യയനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പഠനനിലവാരത്തേയും, പഠിച്ചിറങ്ങുന്നവരുടെ ഗുണനിലവാരത്തേയും ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സർക്കാർ മെഡിക്കൽ കോളേജുകളിൽ അധ്യാപകരെ നിയമിക്കാൻ നടപടി</u>

756 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയതായി സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ, ഈ കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് തസ്തിക അനുവദിച്ചിട്ടുണ്ടോ;

(സി) തസ്തിക അനുവദിച്ചിട്ടില്ലെങ്കിൽ ഏത് തരത്തിലുള്ള നിയമനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഇതുൾപ്പെടെയുള്ളവ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

സീനിയർ ലക്ചറർ ഇൻ ഒഫ്താൽമോളജിയിലെ ഒഴിവുകൾ

757 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീനിയർ ലക്ചറർ ഇൻ ഒഫ്താൽമോളജി തസ്തികയിൽ 2013 മുതൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഇതിൽ എത്ര തസ്തികകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു; എത്ര പേർക്ക് അഡൈ്വസ് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി</u>

758 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി എത്ര ഡോക്ടർമാരുടെ കുറവുണ്ട് ; വിശദമാക്കുമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അനസ്തേഷ്യ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവു മൂലം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈയിടെ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ നിന്ന് എത്ര ഡോക്ടർമാരെയാണ് സ്ഥലംമാറ്റി ഉത്തരവായിട്ടുള്ളത് ; പകരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>മനുഷ്യരിലെ മരുന്ന് പരീക്ഷണം</u>

759 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യരിൽ മരുന്ന് പരീക്ഷണം നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മരുന്ന് പരീക്ഷണങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയമിച്ചിരുന്നുവോ; എങ്കിൽ സമിതിയംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും ഇവരുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും, മരുന്ന് പരീക്ഷണം നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

760 ശ്രീ. പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള എന്തെല്ലാം അത്യാധുനിക സൗകര്യങ്ങളാണ് ലബോറട്ടറികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പുതിയ ലബോറട്ടറികൾ തുടങ്ങാൻ ലക്ഷ്യമിട്ടിട്ടുള്ളത് എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഔഷധ വില നിയന്ത്രണം</u>

761

ശ്രീ. കെ. രാധാകൃഷ്ണന്‍
,, വി. ചെന്താമരാക്ഷന്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സുപ്രീം കോടതി ഉത്തരവിനെത്തുടര്‍ന്ന് നിലവില്‍ വന്ന ഔഷധ വില നിയന്ത്രണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) മരുന്നുകള്‍ക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ചും വീര്യം കുറച്ചും പാവപ്പെട്ട രോഗികളെ കൊള്ളയടിക്കുന്ന മരുന്നു കമ്പനികള്‍ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജീവന്‍രക്ഷാ മരുന്നുകള്‍ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള മാര്‍ക്കറ്റ് ഇടപെടല്‍ നടത്താന്‍ തയ്യാറാകുമോ;

(ഡി) ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി മരുന്നുവില നിയന്ത്രിക്കാന്‍ കേന്ദ്ര സര്‍ക്കാരില്‍ സമ്മര്‍ദ്ദം ചെലുത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഫാർമസിസ്റ്റ് അല്ലാത്തവരുടെ മരുന്നു വിതരണം

762 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്നുവിതരണം ചെയ്യരുതെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ഇക്കാര്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഫാർമസി ആക്ടിലെ വ്യവസ്ഥകൾ

763

ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫാർമസി ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ സർക്കാരും ഫാർമസി കൗൺസിലും ശുഷ്കാന്തിയോടുകൂടി നടപടികളെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും ആ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഔഷധങ്ങളുടെ ഗുണനിലവാരവും വില നിയന്ത്രണവും</u>

764 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഔഷധ വില നിയന്ത്രണ നിയമം അവഗണിച്ച് മരുന്ന് കമ്പനികള്‍ നിത്യോപയോഗ മരുന്നുകള്‍ക്ക് വില വര്‍ദ്ധിപ്പിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വില വര്‍ദ്ധനവിന് തടയിടുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(സി) നിത്യോപയോഗ മരുന്നുകള്‍ കുറഞ്ഞ വിലയില്‍ ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(ഡി) ഔഷധങ്ങളുടെ നിലവാരം പരിശോധിക്കുന്ന സംഘത്തില്‍ നിന്നും ഡോക്ടര്‍മാരെ ഒഴിവാക്കിയ നടപടി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ;

(ഇ) ഔഷധങ്ങളുടെ നിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ നിലവാരം ഇല്ലാത്ത മരുന്നുകളുടെ വിതരണം</u>

765

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ നിലവാരമില്ലാത്തവയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഹോമിയോ മെഡിക്കൽ കോളേജിൽ മറ്റ് ചികിത്സാ രീതികളുടെ ഉപയോഗം

766 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഇൻജക്ഷനും, ഡ്രിപ്പും, വൈറ്റമിനും നൽകുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ചികിത്സാ രീതിയിലെ സൗകര്യങ്ങളും ഉപകരണങ്ങളും മറ്റ് ചികിത്സാ സമ്പ്രദായങ്ങളിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയില്‍ പുതിയ ഹോമിയോ ഡിസ്പന്‍സറികള്‍</u>

767 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ ഹോമിയോ ഡിസ്പന്‍സറികള്‍ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകള്‍ ഏതെല്ലാമാണ്;

(ബി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം കണ്ണൂരില്‍ ഏതെല്ലാം പഞ്ചായത്തുകളില്‍ ഹോമിയോ ഡിസ്പന്‍സറികള്‍ അനുവദിച്ചു;

(സി) കണ്ണൂര്‍ ജില്ലയിലെ പുതിയ ഹോമിയോ ഡിസ്പന്‍സറികള്‍ അനുവദിക്കുന്നതിനുള്ള മുന്‍ഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം പഞ്ചായത്തുകളാണ് മുന്‍ഗണനാ ലിസ്റ്റിലുള്ളത്;

(ഇ) 2014-15ല്‍ ഏതെല്ലാം പഞ്ചായത്തുകളില്‍ പുതുതായി ഹോമിയോ ഡിസ്പന്‍സറികള്‍ അനുവദിക്കും എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ആയൂർവ്വേദ ഡോക്ടർമാരുടെ ഒഴിവുകൾ

768 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയൂർവേദ കോളേജുകളിലും ജില്ലാ ആയൂർവേദ ആശുപത്രികളിലും മറ്റ് ഗവൺമെന്റ് ആയൂർവേദ ആശുപത്രികളിലും നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ആയൂർവേദ കോളേജുകളിലും ജില്ലാ ആയൂർവേദ ആശുപത്രികളിലും മറ്റ് ഗവൺമെന്റ് ആയൂർവേദ ആശുപത്രികളിലും എത്ര ഡോക്ടർമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതി പ്രകാരം എത്ര ആയൂർവേദ ഡോക്ടർമാർ സേവനം അനുഷ്ടിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിൽ ജനനി സുരക്ഷാ പദ്ധതി</u>

769 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വകുപ്പിന്റെ കീഴിൽ ജനനി സുരക്ഷാ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നത്;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളാണ് പ്രസ്തുത പദ്ധതിക്കു കീഴിൽ വരുന്നത്;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് ആയുർവേദവകുപ്പ് നൽകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയില്‍ പുതിയ ആയുര്‍വേദ ഡിസ്പെന്‍സറികള്‍ക്ക് അനുമതി</u>

770 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ ആയുര്‍വേദ ഡിസ്പെന്‍സറികള്‍ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകള്‍ ഏതെല്ലാമാണ്;

(ബി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം കണ്ണൂരില്‍ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളില്‍ ആയുര്‍വേദ ഡിസ്പെന്‍സറികള്‍ അനുവദിച്ചു;

(സി) കണ്ണൂര്‍ ജില്ലയില്‍ ആയുര്‍വേദ ഡിസ്പെന്‍സറികള്‍ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളില്‍ ഡിസ്പെന്‍സറികള്‍ അനുവദിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം പഞ്ചായത്തുകളാണ് മുന്‍ഗണനാലിസ്റ്റിലുള്ളത്;

(ഇ) 2014-15 ല്‍ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളില്‍ പുതുതായി ആയുര്‍വേദ ഡിസ്പെന്‍സറികള്‍ ആരംഭിക്കും; വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം

771 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയിൽ 20 കിടക്കകളും, മതിയായ കെട്ടിടങ്ങളുമുണ്ടായിട്ടും ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം പ്രവർത്തനം അവതാളത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ 3 വർഷമായി ഉണ്ടായിരുന്ന എൻ.ആർ.എച്ച്.എം തെറാപ്പിസ്റ്റുകളെകൂടി പിരിച്ചുവിട്ടതോടെ കിടത്തിചികിൽസ സ്തംഭനാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൻ.ആർ.എച്ച്.എം വ്യവസ്ഥയിൽ ജീവനക്കാരെ വീണ്ടും നിയമിക്കാൻ കഴിയുമോ;

(ഡി) ഇല്ലെങ്കിൽ എന്തു ബദൽ സംവിധാനമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഇ) പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലാ ആയുർവേദാശുപത്രിയ്ക്ക് ലിഫ്റ്റ് സൗകര്യം</u>

772 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകോൽപ്പുഴയിലുള്ള പത്തനംതിട്ട ജില്ലാ ആയുർവേദാശുപത്രിയുടെ പുതിയ നാല് നില കെട്ടിടത്തിൽ ഇതേ വരെ ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ലിഫ്റ്റ് സൗകര്യമില്ലാത്തതു മൂലം രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കെട്ടിടത്തിൽ അടിയന്തിരമായി ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും, ഇതിനാവശ്യമായ പവർ ജനറേറ്റർ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

റാന്നി അങ്ങാടി ഗവ: ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള നടപടി

773 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആയുർവേദാശുപത്രികളാണുള്ളത്; ഇവിടെ കിടത്തി ചികിത്സ നടക്കുന്നുണ്ടോ;

(ബി) സ്ഥല സൗകര്യമുള്ള ഗവ: ആയുർവേദ ഡിസ്പെൻസറികളെ ഒരു താലൂക്കിൽ ഒന്ന് എന്ന നിരക്കിൽ താലൂക്ക് ആയുർവേദാശുപത്രികളായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റാന്നി അങ്ങാടി ഗവ: ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കൽപ്പറ്റ തരിയോട് ഗ്രാമപഞ്ചായത്തിലെ ട്രൈബൽ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം</u>

774 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമപഞ്ചായത്തിലെ ട്രൈബൽ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആയുർവേദ ആശുപത്രിയിൽ നിന്നും ആദിവാസികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ സേവനം മറ്റ് വിഭാഗക്കാർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര താലൂക്ക് ഗവ. ആയുർവേദാശുപത്രിയിലെ ഔഷധ വിതരണം</u>

775 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഗവ: ആയുർവേദ ആശുപത്രിയിൽ ഔഷധിയുടെ ന്യായവില മെഡിക്കൽ സ്റ്റോറിൽ നിലവാരം കുറഞ്ഞ മരുന്ന് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഔഷധിയുടെ ഏജൻസി പ്രവർത്തനം ആരംഭിക്കുന്നതിനു ആവശ്യമായ യോഗ്യതയുള്ള ഫാർമസിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>വിനോബാ നികേതൻ ആയുഷ് ഹോസ്പിറ്റൽ ഏറ്റെടുക്കൽ</u>

776 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിൽ വിനോബാനികേതനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയുഷ് ഹോസ്പിറ്റൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ നാട്ടുചികിത്സാ വകുപ്പിനു കീഴിലുള്ള ഒഴിവുകൾ</u>

777 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാട്ടുചികിത്സാ വകുപ്പിനുകീഴിൽ വിവിധ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി വിവിധ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് സ്ഥാപനം, തസ്തിക, ഒഴിവ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>തോന്നല്‍ ദേവീ ക്ഷേത്രത്തിന്റെ നവീകരണം</u>

778 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിനു കീഴിലുള്ള തോന്നല്‍ ദേവീക്ഷേത്രം ഏത് ഗ്രേഡില്‍ ഉള്‍പ്പെട്ടിട്ടുള്ള അമ്പലമാണ്;

(ബി) എന്നു മുതലാണ് ഈ ഗ്രേഡ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ അമ്പലത്തില്‍ ഇപ്പോള്‍ എത്ര ജീവനക്കാരുണ്ടെന്നും; ഇപ്പോള്‍ ജീവനക്കാരുടെ എത്ര ഒഴിവ് ഉണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) 2011-12, 2012-13, 2013-14 സാമ്പത്തിക വര്‍ഷങ്ങളില്‍ തോന്നല്‍ ദേവീ ക്ഷേത്രത്തിലെ പൂജാദികര്‍മ്മങ്ങള്‍ക്കും വികസന പ്രവര്‍ത്തനങ്ങള്‍ക്കുമായി ദേവസ്വം ബോര്‍ഡ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) 2011-12, 2012-13, 2013-14 സാമ്പത്തിക വര്‍ഷങ്ങളില്‍ തോന്നല്‍ ദേവീക്ഷേത്രത്തില്‍ നിന്നും ദേവസ്വം ബോര്‍ഡിന് എന്തു തുക വരുമാനം ലഭിച്ചിട്ടുണ്ട്;

(ജി) തോന്നല്‍ ദേവീക്ഷേത്രത്തിലെ അത്യപൂര്‍വ്വമായ ദാരുശില്പങ്ങള്‍ സംരക്ഷിക്കുന്നതിന് ബോര്‍ഡ് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ ദേവസ്വംവക കുളം നവീകരണം

779 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 വർഷങ്ങളിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കാനാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് തുക അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ കുളവും നവീകരിക്കുവാൻ എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

കരൂർ മഹാദേവ മഹാവിഷ്ണു ക്ഷേത്രം

780 ശ്രീ.പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള കരൂർ മഹാദേവ മഹാവിഷ്ണു ക്ഷേത്രം ഏത് ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുള്ള അമ്പലമാണ് ; എന്ന് മുതലാണ് പ്രസ്തുത ഗ്രേഡ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ അമ്പലത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും, ഇപ്പോൾ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ ; പ്രസ്തുത തസ്തികകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കരൂർ മഹാദേവ മഹാവിഷ്ണു ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങൾക്കും വികസന പ്രവൃത്തികൾക്കുമായി ദേവസ്വം ബോർഡ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും ദേവസ്വം ബോർഡിന് എത്ര രൂപ വരുമാനം ലഭിച്ചു എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കരൂർ മഹാദേവ മഹാവിഷ്ണു ക്ഷേത്രത്തിലെ സദ്യാലയം നിർമ്മിച്ചിട്ട് എത്രവർഷമായെന്നും, നിർമ്മാണ അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ ; ഈ സദ്യാലയത്തിൽ നിന്നും ദേവസ്വം ബോർഡിന് എത്ര രൂപ നാളിതുവരെ വരുമാനം ലഭിച്ചിട്ടുണ്ട് ;

(ഇ) പണി പൂർത്തിയായ ശേഷം ഈ സദ്യാലയത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ എത്ര രൂപ ദേവസ്വം ബോർഡ് ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) സദ്യാലയത്തിന്റെ പ്രവർത്തനം നിലച്ചിട്ട് എത്ര കാലമായെന്നും എന്ത് കാരണത്താലാണെന്നും വിശദമാക്കുമോ ;

(ജി) സദ്യാലയത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റ് ദേവസ്വം ബോർഡിന് സമർപ്പിച്ചിട്ടുണ്ടെന്നും, എന്നാണ് സമർപ്പിച്ചതെന്നും അറിയിക്കുമോ ;

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

(എച്ച്) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ സദ്യാലയം തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ക്ഷേത്രകാവുകളും കുളങ്ങളും സംരക്ഷിക്കാൻ നടപടി</u>

781 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി 2013-14 സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(സി) മിച്ചംവന്ന തുക 2014-15 വർഷം ഉൾപ്പെടുത്തി ചെലവഴിക്കുമോ;

(ഡി) നെടുമങ്ങാട് പഴവടി ഗണപതിക്ഷേത്രം, കരൂർ മഹാദവ മഹാവിഷ്ണു ക്ഷേത്രം, തിരുനെല്ലൂർകോണം ക്ഷേത്രം എന്നിവയോടനുബന്ധിച്ചുള്ള കുളങ്ങളും കാവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തികവർഷം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

പിരപ്പൻകോട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം നവീകരണം

782 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള പിരപ്പൻകോട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം ഏത് ഗ്രേഡിൽ ഉൾപ്പെട്ടിട്ടുള്ള അമ്പലമാണ്; എന്ന് മുതലാണ് ഈ ഗ്രേഡ് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ ക്ഷേത്രത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ; ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പിരപ്പൻകോട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങൾക്കും വികസന പ്രവൃത്തികൾക്കുമായി ദേവസ്വം ബോർഡ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും ഇവിടെ നിന്നും ദേവസ്വം ബോർഡിന് എത്ര രൂപ വരുമാനം ലഭിച്ചുവെന്നുമുള്ള വിശദവിവരം നൽകുമോ;

(ഡി) പിരപ്പൻകോട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ സദ്യാലയം നിർമ്മിച്ചിട്ട് എത്ര വർഷമായി എന്നും നിർമ്മാണ അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ;

(ഇ) ഈ സദ്യാലയത്തിൽ നിന്നും ദേവസ്വം ബോർഡിന് എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; പണി പൂർത്തിയായ ശേഷം ഈ സദ്യാലയത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ എത്ര രൂപ ദേവസ്വം ബോർഡ് വിനിയോഗിച്ചിട്ടുണ്ട്;

(എഫ്) സദ്യാലയത്തിന്റെ പ്രവർത്തനം നിലച്ചിട്ട് എത്രകാലമായിയെന്നും എന്ത് കാരണത്താൽ ആണെന്നും അറിയിക്കുമോ;

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

(ജി) സദ്യാലയത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റ് ബോർഡിനു സമർപ്പിച്ചിട്ടുണ്ടെന്നും ആയത് എന്നാണ് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(എച്ച്) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയുന്ന രീതിയിൽ സദ്യാലയം തുടർന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഭക്തർക്കെതിരെയുള്ള ആക്രമണങ്ങൾ

783 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തരെ ദേവസ്വം ജീവനക്കാരും സുരക്ഷാ ജീവനക്കാരും വ്യപകമായി ആക്രമിക്കുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിൽ എത്ര തവണ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(ഡി) എന്തുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

മേൽശാന്തിയുടെ മകൾ ശബരിമല സന്ദർശിച്ച സംഭവം

784 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മേൽ ശാന്തിയുടെ മകൾ ശബരിമല ദർശനം നടത്തി ആചാര ലംഘനത്തിനിടയായ സാഹചര്യം സംജാതമായതെങ്ങനെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ ആർക്കെതിരെയെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ആചാരലംഘനത്തിന്റെ പ്രായശ്ചിത്ത കാര്യങ്ങൾക്കായി എന്തു തുക ചെലവായിട്ടുണ്ട്?